(ഡി) ഇവയിൽ കസബ, തലായി, കൊയിലാണ്ടി, താനൂർ എന്നീ പ്ലാന്റുകളുടെ നവീകരണ ജോലി പൂർത്തിയായിട്ടുണ്ട്. മാപ്പിളബേ, ചാവക്കാട് എന്നീ സ്ഥലങ്ങളിലുള്ള ഐസ് പ്ലാന്റുകൾ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. അഴീക്കോട് (തൃശ്ശൂർ), നീണ്ടകര (കൊല്ലം), വെസ്റ്റ്ഹിൽ (കോഴിക്കോട്) എന്നിവ മത്സ്യഫെഡിന്റെ ആവശ്യങ്ങൾക്കായിട്ടാണ് കൈമാറിയിട്ടുള്ളത്.

മത്സ്യത്തൊഴിലാളി ക്ഷേമത്തിന് കേന്ദ്രഗവൺമെന്റ് അനുവദിച്ച തുക

96 [1075] ശ്രീ. കെ. എ. ചന്ദ്രൻ:
" ഇ. എം. അഗസ്തി:
" കെ. സി. ജോസഫ്:
" പി. ടി. തോമസ്:
" കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം മത്സ്യത്തൊഴിലാളി ക്ഷേമത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് എന്തു തുക അനുവദിച്ചിരുന്നു;

(ബി) എന്തെല്ലാം കാര്യങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചത്;

(സി) ഈ തുക കൊണ്ട് എത്രപേർക്ക് ആശ്വാസം ലഭിച്ചിരുന്നു;

(ഡി) ഈ തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ഇ) ബാക്കി തുക ലാപ്സായിട്ടുണ്ടോ; എങ്കിൽ എത്ര തുക ലാപ്സായെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സ്വർണ്ണ ജയന്തി ഗ്രാമസ്വരസാഗർ യോജന പദ്ധതിക്കായി മത്സ്യഫെഡിനു ലഭിച്ച ഒരു കോടി 52 ലക്ഷം രൂപ ഉൾപ്പെടെ അഞ്ചു കോടി രണ്ടു ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(ബി) ഭവന നിർമ്മാണം, സമ്പാദ്യ സമാശ്വാസ പദ്ധതി, തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ, ഹാർബറുകളിലെ ശുചിത്വ പരിപാലനം എന്നിവയ്ക്കാണ് തുക വിനിയോഗിച്ചത്.

(സി) ഒരു ലക്ഷത്തിലധികം മത്സ്യത്തൊഴിലാളികൾക്ക്.

(ഡി) എസ്.ജി.എസ്.വൈ. പദ്ധതിയുടെതൊഴിച്ച് മൂഴുവൻ തുകയും വിനിയോഗിച്ചിട്ടുണ്ട്. മത്സ്യത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വിപണനം മുതലായവയാണ് പ്രസ്തുത പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. 11.27 കോടി രൂപ അടങ്കൽ തുക വരുന്ന പ്രസ്തുത പദ്ധതിയുടെ ആദ്യഗഡു കേന്ദ്രസഹായമായ 1.52 കോടി രൂപ 2004 മാർച്ച് മാസത്തിലാണ് ലഭിച്ചത്. പദ്ധതി നിർവ്വഹണത്തിനായി വകയിരുത്തിയിട്ടുള്ള മറ്റു തുകകളും കൂടി ലഭിച്ചാൽ മാത്രമെ പദ്ധതി നിർവ്വഹണം ആരംഭിക്കാൻ കഴിയുകയുള്ളു.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly